**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 159** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ആശുപത്രികളിലെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കാരായി രാജൻ

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. യു. ആർ. പ്രദീപ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സർക്കാർ ആശുപത്രികളിലെ രോഗീ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി മുൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു; വിശദമാക്കാമോ;

**<u>മറുപടി:</u>** അനുബന്ധം-I ആയി ചേർക്കുന്നു

**(ബി)** ആരോഗ്യ മേഖലയിൽ മുൻ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ ഭാഗമായി കേരളത്തിന്റെ പൊതുജനാരോഗ്യ രംഗത്ത് ഉണ്ടായ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പൊതുജനാരോഗ്യ രംഗത്ത് കേരളത്തിന് ലഭിച്ച ദേശീയ പുരസ്കാരങ്ങളുടേയും അംഗീകാരങ്ങളുടേയും വിശദാംശം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** അനുബന്ധം-II ആയി ചേർക്കുന്നു

**(ഡി)** മുൻ സർക്കാർ ആരംഭിച്ച വിവിധ ആരോഗ്യ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഉത്തരം (എ) പിരിവിൽ ചേർത്തിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**

**അനുബന്ധം I**

"ജനസൗഹാർദ്ദ സർക്കാർ ആശുപത്രികൾ" എന്ന ലക്ഷ്യത്തോടെ 2016 – 17 കാലഘട്ടത്തിൽ നവകേരള കർമ്മ പദ്ധതി -2 ന്റെ ഭാഗമായി ആരംഭിച്ച ആർദ്രം മിഷൻ പ്രകാരം ഓരോ ജില്ലകളിലും ഒരു ജില്ലാതല ആശുപത്രിയും ഓരോ താലൂക്കുകളിൽ ഒരു താലൂക്ക് ആശുപത്രിയും ബ്ലോക്ക് പഞ്ചായത്തുകളിൽ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രവും ഓരോ ഗ്രാമപഞ്ചായത്തുകളിൽ ഒരു കുടുംബാരോഗ്യ കേന്ദ്രവും വേണമെന്ന് നിഷ്കർഷിക്കുകയും ഇതിനായി ഓരോ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ Standardization Guidelines സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംസ്ഥാനത്തെ താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ ജനറൽ/ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഒ.പി പരിവർത്തന പ്രവർത്തനങ്ങൾ നടത്തിവരുകയാണ്. സംസ്ഥാനത്തെ 152 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയും 885 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കിയും പരിവർത്തനം ചെയ്തു. കൂടാതെ KIIFB ഫണ്ട് ഉപയോഗിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിൽ നടപ്പിലാക്കുന്ന 74 പ്രോജക്ടുകളിൽ 13 സ്ഥാപനങ്ങളിൽ നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും 38 സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നതുമാണ്. കൂടാതെ 39 സ്ഥാപനങ്ങളിലെ ലേബർ റൂമുകളെ LaQshya – quality നിലവാരത്തിലേക്ക് ഉയർത്തിയിട്ടുള്ളതാണ്. നബാർഡ് RIDF ട്രാഞ്ചേ XXVI മുതൽ XXX വരെയുള്ളതിൽ ഉൾപ്പെടുത്തി 20 ആരോഗ്യ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതും 3 സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായിട്ടുള്ളതുമാണ്. Infectious disease infrastructure ന്റെ ഭാഗമായി കോവിഡ്, നിപ്പ തുടങ്ങിയ സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആശുപത്രികളുടെ പശ്ചാത്തല വികസനത്തിനായി 2021 22 കാലഘട്ടത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി Isolation Ward നിർമ്മിക്കുന്നതിനായി 88 സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തിരുന്നു. ആർദ്രം പദ്ധതിയുടെ ഭാഗമായി 5416 സബ് സെന്ററുകളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി കൂടുതൽ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു. ഇ-ഹെൽത്ത് ഓൺലൈൻ സംവിധാനത്തിലൂടെ ഒ പി, ഐ പി, ലാബ് സേവനങ്ങൾ ലഭ്യമാകുന്നു. കുടുംബാരോഗ്യകേന്ദ്രങ്ങളിൽ നിന്ന് പൊതുജനങ്ങൾക്ക് രാവിലെ 9 മണിമുതൽ 6 മണിവരെ ഒ പി സേവനങ്ങൾ ലഭ്യമാക്കി. സംസ്ഥാനത്ത് ആരോഗ്യവകുപ്പിന് കീഴിലുള്ള സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിൽ ആകെ 112 ഡയാലിസിസ് യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികൾക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകൾക്കുമുള്ള സമഗ്ര റഫറൽ പ്രോട്ടോകോൾ ആരോഗ്യ വകുപ്പ് പുറത്തിറക്കി. കാൻസർ രോഗികൾക്ക് വിലകൂടിയ മരുന്നുകൾ ഏറ്റവും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനായി കാരുണ്യ സ്പർശം -സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ് പദ്ധതി ആരംഭിച്ചു. സമഗ്ര ലബോറട്ടറി പരിശോധനകൾ താഴെത്തട്ടിൽ ഉറപ്പ് വരുത്തുന്നതിനായി സർക്കാർ മേഖലയിലെ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള നിർണയ ലബോറട്ടറി ശൃംഖല നടപ്പാക്കി. ആർസിസി, എംസിസി, മെഡിക്കൽ കോളേജുകൾ തുടങ്ങിയ തൃതീയ പരിചരണ കേന്ദ്രങ്ങളിൽ നിന്ന് ജില്ലാ / ജനറൽ ആശുപത്രികളിലേക്കും താലൂക്ക് ആശുപത്രികളിലേക്കും കാൻസർ പരിചരണം

വികേന്ദ്രീകരിച്ചു. സംസ്ഥാനത്തെ കിടപ്പുരോഗികൾക്ക് കൃത്യമായ പരിചരണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സാർവത്രിക പാലിയേറ്റീവ് പരിചരണ പദ്ധതിയും 'കേരള കെയർ' പാലിയേറ്റീവ് ശൃംഖലയും നടപ്പിലാക്കി. ഇ-സഞ്ജീവനി വഴി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കി. സംസ്ഥാനത്ത് നിലവിൽ 12 കാത്ത് ലാബുകളാണ് ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നത്. ആരോഗ്യ വകുപ്പിന് കീഴിലെ മെഡിക്കൽ ബോർഡ് രൂപീകരിച്ചിട്ടുള്ള 83 സ്ഥാപനങ്ങൾ വഴി 52016 ഭിന്ന ശേഷി സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഗൈനക്കോളജി ബ്ലോക്കുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളായ കാർഡിയോളജി, ഗ്യാസ്ട്രോളജി, ന്യൂറോ മെഡിസിൻ, നെഫ്രോളജി, പ്ലാസ്റ്റിക് സർജറി, യൂറോളജി എന്നിവയുടെ മെച്ചപ്പെട്ട രീതിയിലുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. കാർഡിയോളജി വിഭാഗത്തിനായി 3 ഡി മാപ്പിംഗ് സൗകര്യങ്ങളോട് കൂടിയ നൂതന കാത്ത് ലാബ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നവീന രീതിയിലുള്ള എക്കോ, ടി എം ടി., ഇ സി ജി, ഹോൾട്ടർ എന്നീ സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. യൂറോളജി വിഭാഗത്തിൽ ആധുനിക ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ട്. 2021 ൽ ഒരു കോടി വിലമതിക്കുന്ന 3 ഡി 4 ലാപ്രോസ്കോപ്പി സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ലക്ഷ്യ പദ്ധതിയിലൂടെ ഗൈനക്കോളജി വിഭാഗത്തിന്റെ നവീകരണത്തിനായി പ്രവർത്തിക്കുകയും അതിലൂടെ Respectful maternity സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റുകൾ, ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ, സ്ട്രോക്ക് ഐ സി യു, പീഡിയാട്രിക് വിഭാഗങ്ങളുടെ വിപുലീകരണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

ജനനം മുതൽ പതിനെട്ടുവയസ്സുവരെയുള്ള കുട്ടികൾക്ക് ആർ. ബി.എസ്. കെ., ഹൃദ്യം , ശലഭം, ഡിസ്ട്രിക് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC), ആശാധാര പദ്ധതി, FBNC-SNCU, NBSU, MEDICAL NICU, Special Newborn Care Unit (SNCU/ NICU), വിവ കേരള, KARE, പ്രതീക്ഷ, പീഡിയാട്രിക് പാലിയേറ്റീവ് കെയർ, കിക്കോ (Kerala Initiative for Kids overall Wellness) എന്നീ പദ്ധതികൾ വഴി വിവിധ സൗജന്യ ചികിത്സ സഹായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സർക്കാർ ആശുപത്രികളിലെ രോഗീ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൗമാര ആരോഗ്യ പരിപാടി ശക്തിപ്പെടുത്തി . കേരളത്തിൽ ആരോഗ്യരംഗത്ത് നടപ്പിലാക്കി വരുന്ന "ദേശീയ ബധിരതാ പ്രതിരോധ നിയന്ത്രണ പദ്ധതി (NPPCD)" യുടെ ഭാഗമായി സർക്കാർ ആശുപത്രികളിലെ രോഗീസേവന നിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ നോഡൽ സെന്ററുകൾ സ്ഥാപിച്ച് കേൾവി സംബന്ധമായ രോഗങ്ങളുടെ നിർണ്ണയം, പരിശോധന, ചികിത്സ, പുനരധിവാസം എന്നിവ ഉറപ്പാക്കാൻ സംവിധാനങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ജില്ല, താലൂക്ക്, C.H.C, P.H.C തലങ്ങളിലേക്ക് ആവശ്യമായ കേൾവി പരിശോധനാ ഉപകരണങ്ങൾ ലഭ്യമാക്കി. കൂടാതെ 53 താലൂക്ക് ആശുപത്രികളിലായി അധിക കേന്ദ്രങ്ങൾ ആരംഭിച്ചു NPPCD പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ ജില്ലാ നോഡൽ കേന്ദ്രങ്ങളിലും BERA (Brainstem Evoked Response Audiometry) പരിശോധനാ സൗകര്യം സ്ഥാപിച്ച് കേൾവി വൈകല്യങ്ങൾ നേരത്തേ കണ്ടെത്താനുള്ള സംവിധാനം ഉറപ്പാക്കി. NISH മുഖേന ഓഡിയോളജിസ്റ്റുകൾക്ക് പരിശീലനം നൽകി, സംസ്ഥാനതലത്തിൽ ശ്രവണപരിശോധനാ സേവനങ്ങൾ കൂടുതൽ ഫലപ്രദമാക്കി

സ്കൂൾ, അംഗൻവാടി, സമൂഹ തലങ്ങളിൽ കേൾവി പരിശോധനാ ക്യാമ്പുകൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, വേൾഡ് ഹിയറിംഗ് ഡേയുമായി ബന്ധപ്പെട്ട ക്യാമ്പയിനുകൾ എന്നിവയും വിജയകരമായി നടപ്പാക്കി. കേൾവിയുടെയും കേൾവി സംരക്ഷണത്തിന്റെയും മേഖലയിൽ സംസ്ഥാന ദേശീയ ബധിരത നിയന്ത്രണ പദ്ധതി നടത്തിയ മികച്ച പ്രവർത്തനങ്ങളെ മുൻനിർത്തി 2021-23 കാലയളവിൽ ലോകാരോഗ്യസംഘടനയുടെ (WHO) വേൾഡ് ഹിയറിങ് ഫോറത്തിൽ (WHF) അംഗത്വം ലഭിക്കുകയും 2024-25 ൽ അംഗത്വം പുതുക്കി കിട്ടുകയും ചെയ്തു.

അന്ധത നിവാരണ പദ്ധതിയുടെ ഭാഗമായി നേത്ര സംബന്ധമായ അസുഖങ്ങൾക്ക് സംസ്ഥാനത്ത് സൗജന്യ ചികിത്സ ലഭ്യമാണ്. ദേശീയ ക്ഷയരോഗ നിവാരണ പരിപാടിയിൽ (എൻടിഇപി ) ഉയർന്ന നിലവാരമുള്ള ഡയഗ്നോസ്റ്റിക് സേവനങ്ങൾ, CBNAAT , Truenat പരിശോധന, മുതലായവ സൗജന്യമായി നൽകി വരുന്നു. തിരുവനന്തപുരം ഇന്റർ മീഡിയേറ്റ് റഫറൻസ് ലബോറട്ടറിയിൽ Non Tuberculosis Mycobacterium (NTM Speciation & Drug Susceptibility Testing (DST) ടെസ്റ്റ്, ഏറ്റവും പുതിയ മരുന്നിന്റെ ആന്റിബയോട്ടിക്കിന്റെ പ്രവർത്തനക്ഷമത അറിയുവാനുള്ള ടെസ്റ്റ് എന്നിവ ചെയ്യാൻ ആരംഭിച്ചു. എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും വായുവിലൂടെയുള്ള അണുബാധ നിയന്ത്രിയ്ക്കുന്നതിനു Air borne infection control corners സജ്ജീകരിയ്ക്കുകയും ചെയ്തു. ദേശീയ വദനാരോഗ്യ ദൗത്യം, ടെലിമെഡിസിൻ പദ്ധതി എന്നിവ നടപ്പിലാക്കുകയും , "State-Specific Programme Interventions and Innovations" പദ്ധതിയുടെ ഭാഗമായി 2020-ൽ ലേണിംഗ് മാനേ ജ്മെന്റ് സിസ്റ്റം (LMS) പോർട്ടൽ വികസിപ്പിക്കുകയും ചെയ്തു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം II**

1. 2018 ഒക്ടോബർ 23 -ന് ചെന്നൈയിൽ വച്ച് ആദ്യമായി സംഘടിപ്പിച്ച ദക്ഷിണമേഖല നാഷണൽ ഓറൽ ഹെൽത്ത് പ്രോഗ്രാമിന്റെ വർക്ക്ഷോപ്പിൽ കേരളത്തിന് പ്രശംസാപത്രം ലഭിച്ചിട്ടുണ്ട് .
2. കേന്ദ്ര ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം ഡൽഹിയിൽ വെച്ച് 29/06/2018-ൽ നടന്ന പ്രധാനമന്ത്രി സുരക്ഷാ അബിയാൻ അവാർഡ്ദാനചടങ്ങിൽ മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള അവാർഡ് ലഭിച്ചു.
3. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗത്തിൽ സംസ്ഥാനത്ത് ഏറ്റവും നല്ല സേവനം രോഗികൾക്ക് നൽകിയതിനാൽ സ്കോച്ച് അവാർഡ് ഓഫ് മെറിറ്റിന് അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, മൈനാഗപ്പള്ളി അർഹമായി. കൂടാതെ പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയ്ക്കും ഏറ്റവും മികച്ച സേവനത്തിനുള്ള സ്കോച്ച് അവാർഡ് ലഭിയ്ക്കുകയുണ്ടായി.
4. ഹൃദ്യം പദ്ധതിയ്ക്ക് 2018 ൽ സ്കോച്ച് ഭാരത് ഗോൾഡ് അവാർഡ്, എക്സ്പ്രസ്സ് ഹെൽത്ത് കെയർ അവാർഡ് എന്നീ നാഷണൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.
5. ബെസ്റ്റ് പ്രാക്ടീസ് ഇൻ പബ്ലിക് ഹെൽത്ത് എന്ന ബഹുമതിയ്ക്ക് 2018 ൽ കേരളത്തിൽ നടപ്പിലാക്കിയ ഇന്ത്യ ഹൈപ്പർടെൻഷൻ മാനേജ്മെന്റ് ഇനിഷ്യേറ്റീവ് (ഐ.എച്ച്.എം) അർഹമായിട്ടുണ്ട്.
6. പ്രളയം, നിപ്പ എന്നീ പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിൽ തുടർച്ചയായ രണ്ട് വർഷം ഒന്നാം സ്ഥാനം നേടി
7. ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നല്കിയതിനുള്ള 2022 ലെ ആയുഷ്മാൻ ഉത്കൃഷ്ടത പുരസ്കാരം ലഭിച്ചു. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് കീഴിൽ ഏറ്റവും കൂടുതൽ പേർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കിയതിനാണ് അവാർഡ് ലഭിച്ചത്
8. കേന്ദ്ര ആഭ്യന്തര മന്ത്രാലയം ക്ഷയരോഗമുക്ത നിലവാരം വിലയിരുത്തുന്നതിനു വേണ്ടിയുള്ള സബ് നാഷണൽ സർട്ടിഫിക്കേഷന്റെ ഭാഗമായി ഏർപ്പെടുത്തിയ പുരസ്കാരത്തിൽ സിൽവർ കാറ്റഗറിയിൽ സംസ്ഥാനത്തിന് പുരസ്കാരം ലഭിച്ചു.
9. നാഷണൽ ടി. ബി. എലിമിനേഷൻ പ്രോഗ്രാമിന്റെ ഭാഗമായി വയനാട് ജില്ല കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഗോൾഡ് മെഡലിന് അർഹമായി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം പാലക്കാട്, കാസർഗോഡ് ജില്ലകൾക്ക് സിൽവർ കാറ്റഗറിയിലും പുരസ്കാരം ലഭിച്ചു.
10. 2020-ൽ ഐക്യരാഷ്ട്രസഭ (UN inter Agency Task Forceon NCD) പ്രഖ്യാപിച്ച ഏറ്റവും മികച്ച ജീവിതശൈലി രോഗനിർണ്ണയ പദ്ധതിക്കുള്ള അംഗരാജ്യങ്ങൾ നൽകുന്ന അന്തർ ദേശീയ പുരസ്കാരം സംസ്ഥാന ആരോഗ്യ വകുപ്പിന് ലഭിക്കുകയുണ്ടായി.
11. ആയുഷ്മാൻ ഭാരത് പ്രധാൻമന്ത്രി ജൻ ആരോഗ്യ യോജന, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടത്തിപ്പിനുള്ള (PMJAY - KASP)കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് ഏറ്റവും ഉയർന്ന സ്കീം വിനിയോഗത്തിനുള്ള മികച്ച പ്രകടനം കാഴ്ച വച്ച സംസ്ഥാനത്തിനുള്ള അവാർഡ് ലഭിക്കുകയുണ്ടായി.

12. ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യയോജന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഏറ്റവും ഉയർന്ന സ്കീം വിനിയോഗത്തിലൂടെ മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തിനുള്ള അവാർഡ് തുടർച്ചയായ 3-ാം വർഷവും കേരളം കരസ്ഥമാക്കി.

13. ഇന്ത്യയിൽ മാതൃ മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനത്തിനുള്ള ബഹുമതി കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൽ നിന്നും സംസ്ഥാനത്തിന് 2022 ഡിസംബർ മാസത്തിൽ ലഭിച്ചു.

14. ആശാധാര പ്രോജക്റ്റിന് 2023 -ൽ നാഷണൽ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ അവാർഡ് ലഭിച്ചിട്ടുണ്ട്.

15. ലോക രോഗി സുരക്ഷാ ദിനത്തിന്റെ (International Patient safety Day ) 17 സെപ്റ്റംബർ 2021 ന്റെ ഭാഗമായി ദേശീയ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംഘടിപ്പിച്ച രോഗി സുരക്ഷാ സപ്താഹ് ('Rogi Suraksha Saptahh") വാരാഘോഷത്തിന്റെ ഭാഗമായി ദേശീയതലത്തിൽ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് (എൻ .ക .എ .എസ്) അംഗീകാരം ഏറ്റവും കൂടുതൽ കരസ്ഥമാക്കിയ സംസ്ഥാനങ്ങൾക്ക് പുരസ്കാരം (അവാർഡ്) പ്രഖ്യാപിച്ചതിൽ കേരളം രണ്ട് അവാർഡുകൾക്ക് അർഹമായി.

16. സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി കോഴിക്കോട്, ജനറൽ ആശുപത്രി കോഴിക്കോട്, ജനറൽ ആശുപത്രി എറണാകുളം, IMCH കോഴിക്കോട്. എം.സി.എച്ച് കോട്ടയം, പുനലൂർ താലൂക്കാശുപത്രി, ജില്ലാ ആശുപത്രി മാനന്തവാടി, സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി മങ്ങാട്ടുപറമ്പ്, കണ്ണൂർ എന്നിവയ്ക്ക് ലക്ഷ്യ അംഗീകാരം ലഭിച്ചിട്ടുണ്ട്.

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

### തിരുവനന്തപുരം മെഡിക്കൽ കോളേജ്

- 2023 ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന് ദേശീയ തലത്തിൽ 44-ാ റാങ്കും 2024 ലെ NIRF റാങ്കിങ്ങിൽ 42-ാം റാങ്കും ലഭിച്ചു.
- അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്ക് വേണ്ട മികവിന്റെ കേന്ദ്രമായി രാജ്യത്തെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ഒന്നും കേരളത്തിലെ ആദ്യത്തെ ആശുപത്രിയായി എസ്.എ.റ്റിയെ തെരഞ്ഞെടുത്തു.
- എസ്.എ.റ്റി ആശുപത്രിക്ക് LaQshya സർട്ടിഫിക്കേഷൻ, MBFHI (Mother Baby Friendly Hospital Initiative) , Centre of Excellence for Genetic Diseases പുരസ്കാരം എന്നിവ ലഭിച്ചു.
- കേന്ദ്ര സർക്കാരിന്റെ Centre of Excellence in Emergency and Trauma Care തിരുവനന്തപുരം മെഡിക്കൽ കോളേജിന് ലഭിച്ചു.

### കോന്നി സർക്കാർ മെഡിക്കൽ കോളേജ്

- കഴിഞ്ഞ ശബരിമല മണ്ഡലകാല ഉത്സവ സീസണിലെ (2023-24) മികച്ച Base Hospital ന് ഉള്ള അംഗീകാരം ലഭിച്ചു.

### ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജ്

- ഏറ്റവും കൂടുതൽ സൗജന്യ ചികിത്സാ കാർഡുകൾ (കാസ്പ് ഹെൽത്ത് ഇൻഷുറൻസ്) ജനങ്ങൾക്ക് നൽകിയതിന് സംസ്ഥാന തലത്തിൽ ആശുപത്രിയ്ക്ക് ഒന്നാം സ്ഥാനവും, ദേശീയ

തലത്തിൽ മൂന്നാം സ്ഥാനവും ലഭിച്ചു.

**സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം**

- 01.01.2020 മുതൽ 31.08.2021 വരെയുള്ള കാലയളവിൽ രാജ്യത്ത് ഏറ്റവും കൂടുതൽ രോഗികൾക്ക് കാസ്പ് പദ്ധതി വഴി സൗജന്യ ചികിത്സ നൽകിയതിന് (43352) ആരോഗ്യ മന്ദൻ 3.0 (KASP) - 2021 ൽ ലഭിച്ചു. തുടർന്ന് ആരോഗ്യ മന്ഥൻ പുരസ്കാരം 4.0 (KASP) - 2022 ലും ലഭിച്ചു.
- കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ മുഖാന്തരം കാസ്പ് പദ്ധതി വഴി ഏറ്റവും കൂടുതൽ രോഗികൾക്ക് സൗജന്യ ചികിത്സ നൽകിയതിന് കേരള സംസ്ഥാനത്തിന് രാജ്യത്ത് ഒന്നാം സ്ഥാനം നേടുവാൻ സാധിച്ചു.
- ലക്ഷ്യ (LaQshya) അംഗീകാരം - 2022-23 ൽ 87% മാർക്കോടെ ഗൈനക്കോളജി വിഭാഗം LaQshya അംഗീകാരം നേടി.
- MBFHI (Mother & Baby Friendly Hospital Initiative)97.26% മാർക്കോടെ അംഗീകാരം നേടി.
- മെഡിസെപ്പ് പദ്ധതി ആരംഭിക്കുകയും ദിവസങ്ങൾ പിന്നിട്ടപ്പോൾ 100 പബ്ലിക് ആശുപത്രികളുടെ ഇടയിൽ ഏറ്റവും കൂടുതൽ രോഗികളുടെ ചികിത്സ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കിയതിനുമായി മെഡിസെപ്പ്-ബെസ്റ്റ് പെർഫോർമർ പുരസ്കാരം കരസ്ഥമാക്കി. കേരള സംസ്ഥാന ധനകാര്യ വകുപ്പ് ആണ് പുരസ്കാരം നൽകിയത്.

**സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം**

- മാതൃ ശിശു സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചതിലൂടെയും MBFHI മാനദണ്ഡങ്ങൾ പൂർത്തിയാക്കിയതിലൂടെയും എറണാകുളം സർക്കാർ മെഡിക്കൽ കോളേജിന് NHM (Mother and Baby Friendly Hospital) MBFHI 2023 ൽ ലഭിച്ചു.

**സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി**

- മാതൃ ശിശു സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചതിലൂടെയും MBFHI മാനദണ്ഡങ്ങൾ പൂർത്തിയാക്കിയതിലൂടെയും മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന് NHM ന്റെ (Mother and Baby Friendly Hospital) MBFHI 2022 ൽ ലഭിച്ചു. 2025 ൽ മഞ്ചേരി മെഡിക്കൽ കോളേജിനു ദേശീയ തലത്തിൽ മുസ്കാൻ അംഗീകാരം ലഭിച്ചു.

**കോഴിക്കോട് മെഡിക്കൽ കോളേജ്**

- DSRC അവാർഡ്, 2021, 2022 ലെ അസോസിയേഷൻസ് ഓഫ് സർജൻസ് ഓഫ് ഇന്ത്യയുടെ ബെസ്റ്റ് ഡിപാർട്ട്മെന്റ് അവാർഡ്, മുസ്കാൻ സർട്ടിഫിക്കേഷൻ, ലക്ഷ്യ അക്രിഡിറ്റേഷൻ, MBFHI പുരസ്കാരം, 2021-22 വർഷങ്ങളിൽ ABPMJAY-KASP പദ്ധതി വഴി ഏറ്റവും കൂടുതൽ ചികിത്സാ ആനുകൂല്യം നൽകിയതിന് ദേശിയതലത്തിലുള്ള പുരസ്കാരം രക്തദാന ചലഞ്ചിൽ ഒന്നാമതെത്തിയതിനുള്ള പുരസ്കാരം എന്നിവ ലഭിച്ചു.

**സർക്കാർ മെഡിക്കൽ കോളേജ്, വയനാട്**

- ആരോഗ്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് MBFHI (Mother Baby Friendly Hospital Initiative) പുരസ്കാരം ലഭിച്ചു.
- വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയ്ക്ക് 2023 വർഷത്തിൽ LaQshya പുരസ്കാരം ലഭിച്ചു.
- വയനാട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ശിശുരോഗ വിഭാഗം മുസ്കാൻ സർട്ടിഫിക്കേഷനായി അപേക്ഷിക്കുകയും, 2024 ൽ MUSQAN പുരസ്കാരം കരസ്ഥമാക്കുകയും ചെയ്തു.

**സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ**

- സംസ്ഥാന തലത്തിൽ മെഡിസെപ്പ് പദ്ധതി ഏറ്റവും മികച്ച രീതിയിൽ പൂർത്തീകരിച്ചതിന് 2022 വർഷത്തിൽ കരള സർക്കാർ ഏർപ്പെടുത്തിയ പുരസ്കാരം കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന് ലഭിച്ചു.

**സർക്കാർ ദന്തൽ കോളേജ്, തിരുവനന്തപുരം**

- ദന്തൽ 2024 ൽ ഗവ. ദന്തൽ കോളേജിന് കോളേജ് വിഭാഗത്തിൽ NIRF റാങ്കിംങിൽ 21-ആം റാങ്ക് ലഭിച്ചു.
- 2023 DNB വിവിധ (super speciality) പരീക്ഷയിൽ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലെ 7 വിദ്യാർത്ഥികൾ ദേശീയ തലത്തിൽ 6000 റാങ്കോടെ സ്വർണ്ണ മെഡൽ കരസ്ഥമാക്കി.

**സെക്ഷൻ ഓഫീസർ**